MR. A. V. JOSEPH : ഇങ്ങനെ ഗവണ്മെൻറു എടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും ആളുകളെ ഇറക്കിവിടുന്ന നയം ശരിയാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഈ സ്ഥലം ഒരു ഇൻഡസ്ട്രിയുടെ ആവശ്യത്തിനുവേണ്ടിയാണു് ഗവണ്മെൻറു എടുത്തിട്ടുള്ളതു. ഇങ്ങനെ അക്വയർ ചെയ്യുന്ന സ്ഥലങ്ങളിൽ ആൾതാമസം ഉണ്ടെങ്കിൽ അവർ അവിടെനിന്നും മാറേണ്ടതു് ഗവണ്മെൻറിൻെറ ഒരാവശ്യം കൂടിയാണു്. അവർ അവിടെനിന്നും മാറുമെന്നുള്ളതും സ്വാഭാവികമാണു്..

MR. A. P. UDAYA BHANU : ലാൻറു് അക്വയർ ചെയ്യുമ്പോൾ തക്കസമയത്തു കാമ്പൻസേഷൻ ലഭിക്കുന്നില്ലെന്നുള്ള പരാതികൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : കാമ്പൻസേഷൻ കൊടുക്കുവാൻ നിയമപ്രകാരം കുറെ താമസം വേണ്ടിവരും. കഴിയുന്നതും നേരത്തെ കൊടുക്കുവാൻ ഗവണ്മെൻറു ശ്രമിക്കുന്നതാണു്.

നെൽകൃഷി.

515. MR. K. RAMAKRISHNA PILLAI (*Ambalapazha I—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

തോട്ടപ്പള്ളി പ്രക്കാട് പ്രദേശങ്ങളിൽഉള്ള കരിനിലങ്ങളിൽ കൂടുതൽ നെല്ലു് ഉൽപ്പാദിപ്പിക്കുന്നതിനു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും എന്തു പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടു്.

HON'BLE MR. K. M KORAH : ഈ സംഗതിയിൽ വ്യവസ്ഥിതമായ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടു്. ഉയർന്ന ഈർപ്പം, അധികം വിഷാംശങ്ങൾ ലയിച്ച ജലം, അമിയുന്ന ലവണങ്ങൾ, ഫെറസ് ഇരുമ്പു് വിഷമായ അലൂമിനിയം തുടങ്ങിയ നിർജ്ജീവക വിഷങ്ങൾ, ഫോസ്ഫേറുകളുടെ അസാന്നിദ്ധ്യം, മറുജീവക വിഷപദാർത്ഥങ്ങൾ ഇവയാണു് വിളവുകളുടെ നാശത്തിനു നിദാനമായ ഹേതുക്കളെന്നു കണ്ടു പിടിക്കപ്പെട്ടിരിക്കുന്നു. ശരിയായ അളവിലുള്ള കുമ്മായത്തിൻെറയും ഫോസ്ഫേറു വളങ്ങളുടെയും ഉപയോഗത്താലും ലവണങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥിതമായ പ്രവർത്തനത്താലും ഈ മാതിരി മണ്ണു കൃഷിക്കു ഉപയോഗകരമാക്കിത്തീർക്കുന്നതിനു സാധിക്കുമെന്നു പരീക്ഷണങ്ങൾ തെളിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMAKRISHNA PILLAI: അതിനുശേഷം ഉൽപ്പാദനം വർദ്ധിക്കുന്നതിന് ഗവണ്മെൻറിന്റെ ഭൂമതലയിൽ വല്ലതും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH: പ്രക്കാട്ട് ഒരു Experimental station സ്ഥാപിച്ചിട്ടുണ്ട്. അതു് ഉപകാരപ്രദമാണെന്നു ബോദ്ധ്യമുണ്ട്.

MR. K. RAMAKRISHNA PILLAI: അതെന്നായിരുന്നു?

HON'BLE MR. K. M KORAH: തീയതി അറിഞ്ഞുകൂടാ.

വളം ക്രോപ്പ് ലോണിന്മേൽ കൊടുക്കണമെന്ന നിവേദനം.

516. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹു. കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കുട്ടനാട്ടിലെ കൃഷിആവശ്യത്തിനു വളം ക്രോപ്പ്ലോണിന്മേൽ തിരികെടുക്കണമെന്ന കാണിച്ചു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. K. M. KORAH: കുട്ടനാട്ടിൽ കൃഷിക്കാവശ്യത്തിനു വളം ക്രോപ്പ് ലോണിന്മേൽ കൊടുക്കണമെന്ന കാണിച്ചു് നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ വളം ക്രോപ്പു ലോണിന്മേൽ കൃഷിക്കാർക്കു് നൽകുന്നതിനു് വേണ്ട വ്യവസ്ഥകൾ ഗവണ്മെൻറു് ചെയ്തിട്ടുണ്ടു്.

MR. VARGHESE AUGUSTINE: ഒരു വളം ഡിപ്പോ കുട്ടനാട്ടിൽ സ്ഥാപിക്കാൻ വേണ്ട ഏർപ്പാടു് ചെയ്യുമോ?

HON'BLE MR. K. M. KORAH: കുട്ടനാട്ടിലെ മിക്ക ഭാഗങ്ങളിലും പ്രത്യേകം പ്രത്യേകം താലൂക്കുകളിൽ വളം ഡിപ്പോകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടു.

MR. K. RAMAKRISHNA PILLAI: അടുത്ത കൃഷിക്കു മുമ്പായി തുറക്കുന്നതിനു സാധിക്കുമോ?

HON'BLE MR. K. M. KORAH: ശ്രമിക്കുന്നതായിരിക്കും.

മറയിൻ ആൻറു് ഫിഷറീസു് പ്രൊഫസർ, ഡാക്ടർ സി. സി.

ജാണിനു സെസി ആയിൽ മില്ലുമായുള്ള ബന്ധം.

517. MR. WILSON PETER (*Shertalai III—Latin Catholic*): താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മൃഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly